(ബി&സി) കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള നാല് സ്വാശ്രയ മെഡിക്കൽ കോളേജുകളുമായും കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന് കീഴിലുള്ള എട്ട് മെഡിക്കൽ കോളേജുകളുമായും പരിയാരം സഹകരണ മെഡിക്കൽ കോളേജുമായും നിലവിൽ സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അസോസിയേഷന്റെ കീഴിലുള്ള മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾകൂടി ഉടൻതന്നെ സർക്കാരുമായി കരാറിൽ ഏർപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എ.ഐ.ഐ.എം.എസ്. സ്ഥാപിക്കുന്നതിന് നടപടി

67 (8127) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് എ.ഐ.ഐ.എം.എസ്. സ്ഥാപിക്കുന്നതുവഴി എന്തെല്ലാം ഗുണങ്ങളും നേട്ടങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇത് സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളും സൗകര്യങ്ങളുമാണ് ഒരുക്കേണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് അത്യന്താധുനികമായ ചികിത്സ ലഭ്യമാകും എന്നതാണ് സംസ്ഥാനത്ത് എ.ഐ.ഐ.എം.എസ്. സ്ഥാപിക്കുന്നതുകൊണ്ടുള്ള പ്രധാനം നേട്ടം. കൂടാതെ സംസ്ഥാനത്ത് കൂടുതൽ മൾട്ടി സ്പെഷ്യലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ തുടങ്ങാനും ഇതിലൂടെ ഈ രംഗത്ത് കൂടുതൽ വിദഗ്ധരെ സൃഷ്ടിക്കാനും കഴിയും.

(ബി) ഇതു സ്ഥാപിക്കുന്നതിനായി റോഡുകൾ, ജലലഭ്യത, വൈദ്യുതി മുതലായ എല്ലാ അടിസ്ഥാന സൗകര്യവുമുള്ളതും 200 ഏക്കർ വീതം സ്ഥല സൗകര്യവുമുള്ള മൂന്നോ നാലോ പ്രദേശങ്ങളാണ് സംസ്ഥാന സർക്കാർ നിർദ്ദേശിക്കേണ്ടത്. ഇതിനുശേഷം കേന്ദ്ര പ്രതിനിധികൾ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം തിരഞ്ഞെടുത്ത് കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയും ചെയ്യും. സംസ്ഥാന സർക്കാർ നാല് സ്ഥലങ്ങൾ നിർദ്ദേശിച്ച് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്ക് കത്തയച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly